7. സ്കൂൾ വാഹനങ്ങളുടെ പുറമെയുള്ള ഭാഗത്ത് ഡ്രൈവറെ ബന്ധപ്പെടാനുള്ള ഫോൺ നമ്പർ സഹിതമുള്ള വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിവരങ്ങൾ പോലീസിന് നൽകുന്നതിന് ഓരോ വാഹനത്തിന്റെയും അതിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെയും പട്ടിക തയ്യാറാക്കുന്നതിനുംവേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

(സി) മോട്ടോർവാഹന വകുപ്പിനെകൂടാതെ പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

(ഡി) ഭരണതലത്തിൽ ഇതിനായി പ്രത്യേകം ക്രമീകരണങ്ങൾ ഒന്നും വേണ്ടിവരുന്നില്ല.

ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുൻപ് ട്രാഫിക് നിയമ ക്ലാസ്സ്

264 (7827) ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുൻപ് ട്രാഫിക് നിയമ ക്ലാസ്സ് നിർബന്ധമാക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) ഇതിനായി സ്ഥിരം സമിതിയെ നിയോഗിക്കുന്നകാര്യം ആലോചിക്കുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുമുമ്പ് ട്രാഫിക് നിയമ ക്ലാസ് നിർബന്ധമാക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുമുൻപ് ഗതാഗത നിയമങ്ങൾ സംബന്ധിച്ച് പ്രീ-ഡ്രൈവർ ടെസ്റ്റ് പരിശീലനം നൽകിവരുന്നുണ്ട്.

(ബി) കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ നടപ്പാക്കിവരുന്ന റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ഇത്തരത്തിലൊരു പരിശീലന പരിപാടി തുടങ്ങിയത്.

സുരക്ഷയിലൂന്നിയ ഒരു ഡ്രൈവിംഗ് സംസ്കാരം വളർത്തുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. ഇതിലേക്കായി മുമ്പ് മനസ്സിലാക്കിയ ഡ്രൈവിംഗ് രീതികൾ തിരുത്തുവാൻ പ്രീ-ഡ്രൈവർ ടെസ്റ്റ് പരിശീലനം

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യം വയ്ക്കുന്നു. ശരിയായ ഡ്രൈവർ പരിശീലനം നൽകുക, സുരക്ഷയിലൂന്നിയ ഡ്രൈവിംഗ് ശീലമാക്കുക, റോഡ് സുരക്ഷ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ബോധവത്കരണം നടത്തുക, റോഡ് സുരക്ഷ പ്രോത്സാഹിപ്പിക്കുക, ഡ്രൈവറെ മോട്ടോർ വാഹന വകുപ്പിന്റെ നല്ലൊരു സുഹൃത്താക്കുക, അദ്ദേഹത്തെ നല്ലൊരു ഡ്രൈവറാക്കി മാറ്റുക എന്നിവയാണ് മറ്റുദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) ഇപ്പോൾ ആലോചിച്ചിട്ടില്ല.

(ഡി) ഇപ്പോൾ നടന്നുവരുന്ന പരിശീലന പരിപാടിക്കായി ആഴ്ചതോറും രണ്ടുമണിക്കൂർ സമയത്തേക്കുള്ള ഒരു സിലബസ് തയ്യാറാക്കുകയും ഒരു പഠനസഹായി പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്.

വാഹനാപകടങ്ങളിലെ കുറവ്

265 (7828) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി വാഹനാപകടങ്ങൾ കുറവുണ്ടായെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

മുൻ വർഷത്തെക്കാൾ റോഡപകടങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി വച്ചിരിക്കുന്നു.*

തീവ്രതയേറിയ ഹോണുകൾ

266 (7829) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങളുടെ മുൻഭാഗത്ത് ബോണറ്റിനു വെളിയിലായി തീവ്രതയേറിയ നിരവധി ഹോണുകൾ ഘടിപ്പിച്ച് കടുത്ത ശബ്ദ മലിനീകരണമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരമുള്ള ഹോണുകൾ മറ്റ് വാഹനമോടിക്കുന്നവരിൽ പരിഭ്രാന്തിയുണ്ടാക്കി അപകടങ്ങൾക്കിടയാക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ മോട്ടോർ വാഹന നിയമം അനുശാസിക്കും പ്രകാരമുള്ള ഹോണുകൾ നിർബന്ധമാക്കുകയും ശബ്ദ തീവ്രത അളക്കുന്ന ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി നിയമം ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly